**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1073** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 2020 ൽ ആരംഭിച്ച ജലജീവൻ പദ്ധതിയിൽ 54.45 ലക്ഷം കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പ്രവർത്തികൾക്കാണ് ഭരണാനുമതി ലഭിച്ചത്. പദ്ധതി തുടങ്ങുന്ന സമയത്ത് 17.5 ലക്ഷം വീട്ടുകളിലാണ് കുടിവെള്ള കണക്ഷൻ ഉണ്ടായിരുന്നത്. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 02.10.2024 വരെ സംസ്ഥാനത്ത് 20.39 ലക്ഷം കുടിവെള്ള കണക്ഷനുകൾ കൂടി പുതുതായി നൽകാൻ സാധിച്ചിട്ടുണ്ട്. ബാക്കി വീട്ടുകളിൽ കൂടി കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തികൾ സംസ്ഥാനമൊട്ടാകെ പുരോഗമിച്ചു വരുന്നു. |
| (ബി) | നടപ്പുസാമ്പത്തിക വർഷം എത്ര കണക്ഷനുകളാണ് നൽകിയതെന്ന് വിശദമാക്കാമോ; | (ബി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്ത് 89,352 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട് |
| (സി) | കരാറുകാർക്ക് നൽകാനുള്ള കുടിശിക തുക എത്ര ശതമാനം വിതരണം ചെയ്തുതെന്ന് അറിയിക്കാമോ; | (സി) | 2024-25 സാമ്പത്തിക വർഷം ഇതുവരെ 1,201.10 കോടി രൂപ ജല ജീവൻ മിഷൻ പദ്ധതികൾ നടപ്പിലാക്കുന്ന വകയിൽ കുടിശ്ശികയുള്ള ബില്ലുകൾക്കായി നൽകിയിട്ടുണ്ട്. 03.10.2024 ൽ പദ്ധതികൾ നടപ്പിലാക്കുന്ന ഇനത്തിൽ കരാർകാർക്കുൾപ്പെടെ 3,306.93 കോടി രൂപയാണ് കുടിശികയായി അവശേഷിക്കുന്നത്. |
| (ഡി) | ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്നും പുതിയ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ജലജീവൻ പദ്ധതിയുടെ കാലാവധി 31-03-2025 വരെ ദീർഘിപ്പിച്ചു കൊണ്ടുള്ള അറിയിപ്പ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. 16 .08 .24 ന് ശേഷം പുതിയ പ്രവർത്തികൾക്ക് കരാർ നൽകരുതെന്ന നിർദേശവും ലഭിച്ചിട്ടുണ്ട്. പദ്ധതി കാലാവധിയും പുതിയ പ്രവർത്തികൾക്ക് കരാർ നൽകുന്നതിനുള്ള തീയതിയും കേന്ദ്ര സർക്കാരിൽ |

| | | | |
|---|---|---|---|
| | | | നിന്നും നീട്ടി ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | കേന്ദ്രത്തിൽ നിന്നും ഇനി എത്ര തുകയാണ് വിഹിതമായി ലഭിക്കാനുള്ളത്; ആയതിന്റെ മാച്ചിംഗ് ഗ്രാൻഡ് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്ന് അറിയിക്കാമോ; | (ഇ) | 2024-25 സാമ്പത്തിക വർഷത്തിൽ കേരളത്തിന് ജൽ ജീവൻ മിഷന് കേന്ദ്ര സർക്കാർ വകയിരുത്തിയത് 1949.36 കോടിയാണ്. ഇതിൽ 974.68 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട ബാക്കി തുക 974.68 കോടിയാണ്. കേരള സംസ്ഥാന സർക്കാർ 4215-01-102-92(02) എന്ന ബജറ്റ് ഹെഡിൽ ജൽ ജീവൻ മിഷന്റെ സംസ്ഥാനത്തിന്റെ തത്തുല്യ വിഹിതമായി 550 കോടി രൂപയാണ് 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരി ക്കുന്നത്. ടി ശീർഷകത്തിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ 571.16 കോടി രൂപ, അധികമായി ടി ശീർഷകത്തിൽ അനുവദിച്ച തുക ഉൾപ്പെടെ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (എഫ്) | നടപ്പസാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി ജലജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (എഫ്) | നടപ്പ് സാമ്പത്തിക വർഷത്തിൽ ജലജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കാൻ ബാധിക്കില്ല. ഉദ്പാദന ഘടകങ്ങൾ ഉൾപ്പടെയുള്ള പ്രവർത്തികളിൽ ചിലത് ഇപ്പോഴും ടെണ്ടർ ഘട്ടത്തിലാണ്. ടെണ്ടർ നടപടികൾ കഴിഞ്ഞതിന് ശേഷം കരാർ നൽകി പ്രവർത്തി പൂർത്തീകരിക്കുന്നതിന് ശരാശരി ഒരു വർഷം മുതൽ ഒന്നര വർഷം വരെയുള്ള കാലയളവ് വേണ്ടി വരും. പദ്ധതി ഘടകങ്ങൾക്കാവശ്യമായ ഭൂമി കിട്ടുന്നതിലുണ്ടായ കാലതാമസമാണ് പദ്ധതിയുടെ ടെണ്ടർ നടപടികൾ വൈകിയതിന്റെ പ്രധാന കാരണം. |

സെക്ഷൻ ഓഫീസർ